"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - ജീവനക്കാര്യം - ശ്രീ. ബിജു. എ.പി, ഹെഡ് ക്ലാർക്ക്, ജില്ലാ വ്യവസായ കേന്ദ്രം, എറണാകുളം - പ്രത്യേകാവശതാവധി ദീർഘിപ്പിച്ച് നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.622/2026/ID തീയതി,തിരുവനന്തപുരം, 04-06-2026

---

പരാമർശം:- 1. 07/05/2026-ലെ സ.ഉ. (സാധാ) നം 525/2026/വ്യവ

2. വ്യവസായ വാണിജ്യ ഡയറക്ടറുടെ 23/04/2026-ലെ DIC/1191/2026-EC1 നമ്പർ കത്ത്

**ഉത്തരവ്**

വ്യവസായ വാണിജ്യ വകുപ്പിൽ എർണാകുളം ജില്ലാ വ്യവസായ കേന്ദ്രത്തിലെ ഹെഡ് ക്ലാർക്ക് ശ്രീ. ബിജു എ.പി, 05.11.2025 തീയതിയിൽ രാവിലെ 9.30-ന് ഓഫീസിലേയ്ക്കുള്ള യാത്രയിൽ ടിയാൻ സഞ്ചരിച്ചിരുന്ന സ്കൂട്ടർ അപകടത്തിൽപ്പെട്ട് വലത് കാൽമുട്ടന് പരിക്ക് പറ്റുകയും എർണാകുളം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ഡോക്ടറുടെ നിർദേശാനുസരണം 06/11/2025-ന് സർജറിയ്ക്ക് വിധേയമാകുകയും സർജറിയ്ക്ക് ശേഷം 103 ദിവസത്തെ പൂർണ്ണ വിശ്രമം വേണമെന്ന് ഡോക്ടർ നിർദേശിക്കുകയും ചെയ്തിരുന്നതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ബിജു എ.പി-യ്ക്ക് 05/11/2025 മുതൽ 15/02/2026 വരെയുള്ള കാലയളവിലേക്ക് സ്പെഷ്യൽ ഡിസബിലിറ്റി ലീവ് അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

എന്നാൽ ശ്രീ. ബിജു എ.പി-യ്ക്ക് 42 ദിവസത്തെ (6 ആഴ്ചത്തെ) വിശ്രമം കൂടി ആവശ്യമാണെന്ന് ഡോക്ടർ നിർദേശിച്ചിട്ടുണ്ടെന്നും ആകയാൽ പരാമർശം (1) ഉത്തരവ് പ്രകാരം അനുവദിച്ച പ്രത്യേകാവശതാവധിയ്ക്ക് തുടർച്ചയായി 16/02/2026 മുതൽ 29/03/2026 വരെ (42) ദിവസത്തെ പ്രത്യേകാവശതാവധികൂടി അനുവദിക്കണമെന്ന് പരാമർശം (2) പ്രകാരം വ്യവസായ വാണിജ്യ ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. എറണാകുളം, ജില്ലാ വ്യവസായ കേന്ദ്രത്തിലെ ഹെഡ് ക്ലാർക്കായ ശ്രീ. ബിജു എ.പിയ്ക്ക് പരാമർശം (1) പ്രകാരം അനുവദിച്ചിട്ടുള്ള പ്രത്യേക അവശതാവധിയ്ക്ക് തുടർച്ചയായി, കെ.എസ്.ആർ ഭാഗം 1 ചട്ടം 98 പ്രകാരം അനുവദനീയമായ പരമാവധി കാലയളവായ 119 ദിവസം (16/02/2026 മുതൽ 03.03.2026) വരെ ദീർഘിപ്പിച്ച നൽകിയും, 04.03.2026 മുതൽ സർവീസിൽ തിരികെ പ്രവേശിച്ചതുവരെയുള്ള കാലയളവ് ടിയാളുടെ ക്രഡിറ്റിലുള്ള മറ്റേതെങ്കിലും അവധിയിൽ ക്രമീകരിക്കുവാൻ നിർദ്ദേശം നല്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SABU ANTONY K

ഡെപ്യൂട്ടി സെക്രട്ടറി

വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം

ശ്രീ. ബിജു എ.പി (വ്യവസായ വാണിജ്യ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ശേഖരം / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by

Sabitha B

സെക്ഷൻ ഓഫീസർ

Date: 04-06-2026 15:52:54